**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **02-02-2024 - ൽ മറുപടിയ്ക്ക്**

**എൻ.ഐ.ആർ.എഫ്. റാങ്ക് പട്ടികയിൽ ഇടം പിടിച്ച കേരളത്തിലെ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ആന്റണി ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ രാജ്യത്തെ ഒന്നാംനിര സർവ്വകലാശാലകളുടേയും മികച്ച കോളേജുകളുടെയും റാങ്ക് പട്ടികയിൽ കേരളത്തിലെ സ്ഥാപനങ്ങൾ ഇടം പിടിച്ചിട്ടുണ്ടോ; മികച്ച ആർക്കിടെക്ചറൽ, എൻജിനീയറിംഗ്, നിയമ പഠന സ്ഥാപനങ്ങൾ എന്നിവയുടെ പട്ടികയിൽ കേരളത്തിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട് 2023 ലെ NIRF റാങ്കിംഗിൽ സംസ്ഥാനത്തെ നാല് സർവ്വകലാശാലകളും 14 കോളേജുകളും ആദ്യത്തെ 100ൽ സ്ഥാനം പിടിച്ചിട്ടുണ്ട്.100 നും 200 നും ഇടയിൽ 28 കോളേജുകൾ ഇടം പിടിച്ചിട്ടുണ്ട് ആർക്കിടെക്ചർ വിഭാഗത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) കോഴിക്കോട് രണ്ടാം റാങ്കും കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പതിനേഴാം റാങ്കും നേടിയിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മികച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അടിസ്ഥാനമായി ഇവിടങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ; | (ബി) | കേരളത്തിലെ സർവ്വകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവ്വകലാശാലകളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:<br><br>1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.<br><br>2. സർവ്വകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ/ഇൻകുബേഷൻ/ സ്റ്റാർട്ട് അപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ നൽകി വരുന്നു<br><br>4. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5. സർവ്വകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവൽക്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു<br><br>6 . സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കുക എന്ന ഉദ്ദേശ<br><br>ത്തോടെ കെ-റീപ്പ് എന്ന പേരിൽ സമഗ്ര സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>7. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവ്വകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന സൌകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു<br><br>8. Industry on Campus : കാമ്പസിനുള്ളിൽത്തന്നെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു |
| (സി) | എൻ.ഐ.ആർ.എഫ്. മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ? | (സി) | കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF):- NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്നതിനുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. നിലവിൽ teaching-learning and research, graduate outcomes, വിജ്ഞാന വ്യാപനം, പൊതു അഭിപ്രായം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ദേശീയ റാങ്കിംഗ് മാനദണ്ഡങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. KIRFൽ സംസ്ഥാനാധിഷ്ഠിത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തുന്ന രീതിയിൽ മാനദണ്ഡങ്ങൾ പുനർനിർവചിക്കാനാണ് സാമൂഹ്യനീതി, പ്രാപ്യത,ശാസ്ത്രീയ മനോഭാവം, മതനിരപേക്ഷ കാഴ്ചപ്പാട് എന്നിവ കൂടി സംയോജിപ്പിച്ച് വിലയിരുത്തൽ മാനദണ്ഡങ്ങൾ വിപുലീകരിച്ചിട്ടുള്ളത്. KIRFന്റെ ആരംഭത്തോടുകൂടി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ നില മെച്ചപ്പെടുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം –1

### എൻ.ഐ.ആർ.എഫ് റാങ്കിംഗ് 2023

| ദേശീയ റാങ്കിംഗ് | സർവ്വകലാശാല |
|---|---|
| 24 | കേരള സർവ്വകലാശാല |
| 31 | മഹാത്മാഗാന്ധി സർവ്വകലാശാല |
| 37 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി |
| 70 | കാലിക്കറ്റ് സർവ്വകലാശാല |

### എൻ.ഐ.ആർ.എഫ് റാങ്കിംഗ് 2023

| ദേശീയ റാങ്കിംഗ് | കോളേജ് |
|---|---|
| 26 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| 30 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം |
| 41 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം |
| 45 | മാർ ഇവനിയോസ് കോളേജ്, തിരുവനന്തപുരം |
| 46 | മഹാരാജാസ് കോളേജ്, എറണാകുളം |
| 51 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| 53 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ |
| 54 | എസ് .ബി.കോളേജ്, ചങ്ങനാശ്ശേരി |
| 59 | സെന്റ് ജോസഫ് കോളേജ്, ദേവഗിരി |
| 72 | സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം |
| 75 | ഗവ.കോളേജ് ഫോർ വിമൺ, തിരുവനന്തപുരം |
| 77 | യൂണിയൻ ക്രിസ്ത്യൻ കോളേജ്, എറണാകുളം |
| 85 | സി.എം.എസ് കോളേജ്, കോട്ടയം |
| 87 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം |

സെക്ഷൻ ഓഫീസർ